ഓർമ | റഫീഖ് വൈലത്തൂർ

# കാലങ്ങളെ കൂട്ടിയിണക്കിയ ജ്ഞാന ധന്യൻ

## വൈലത്തൂർ ബാവ മുസ്‌ലിയാർ വിടവാങ്ങിയിട്ട് ഒരാണ്ട്

**കഴിഞ്ഞ കാല പ്രതിഭകളുടെ രചനകൾക്കൊപ്പം വെക്കാവുന്ന തരത്തിലുള്ളവയാണ് ഉസ്താദിന്റെതും. അവരുടെ ഗഹനമായ രചനകൾ പുതിയ കാലത്തെ വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാൻ പാകത്തിൽ ലളിതമാക്കുകയായിരുന്നു ഉസ്താദ്.**

പള്ളിയിലേക്ക് പോയിത്തുടങ്ങിയ ബാല്യകാലം. കുത്തിയിരുന്ന് വുളൂഅ് ചെയ്യുകയാണ് ഞാൻ. ചിരട്ടക്കൈലുപയോഗിച്ച് ഹൗളിൽ നിന്ന് വെള്ളം കോരി കാൽ നനക്കുമ്പോഴാണ് ഒരു പിൻവിളി : "മോനേ, കാലിങ്ങനെയാ കഴുകേണ്ടത്'. എന്നിട്ട് വെള്ളമെടുത്ത് തന്റെ കാലിലൂടെ ഒഴിച്ചു കാണിച്ചു തന്നു. ഞാനത് ശരിക്കും പഠിച്ചെടുത്തു. ഉസ്താദിന്റെ ഇടപെടലിൽ ആദ്യമൊന്ന് ഞെട്ടിയെങ്കിലും പിന്നീട് ഞാൻ ഉസ്താദിനെ ഇഷ്ടപ്പെട്ട് തുടങ്ങി. കാലങ്ങൾക്കു ശേഷമാണ് എന്നെ തിരുത്തിയത് വൈലത്തൂർ ബാവ ഉസ്താദെന്ന വലിയ മനുഷ്യനായിരുന്നുവെന്ന് മനസ്സിലായത്. നന്മ ഉപദേശിക്കുന്നതിനും തിന്മ വിലക്കുന്നതിനും ഉയർത്തിക്കെട്ടിയ വേദികളും എഴുന്നള്ളിപ്പുകളും വേണ്ടായിരുന്നു ബാവ ഉസ്താദിന്. അതുകൊണ്ടു തന്നെ ഉസ്താദിനെ കാണുമ്പോൾ ദീനീവിരുദ്ധമായ നടപ്പോ എടുപ്പോ തന്റെ ഭാഗത്തുണ്ടോ എന്ന് സൂക്ഷ്മ പരിശോധന നടത്തിയിട്ടേ സമീപത്തേക്ക് ചെല്ലൂ. കാരണം, വലിയ കാരണവന്മാരെപ്പോലും ഉസ്താദ് നിസ്സങ്കോചം തിരുത്തുന്നത് നേരിൽ കണ്ടതാണ്.

ഉസ്താദിന്റെ അത്രയൊന്നും ശോഭിക്കാത്തവർ വേദിയിൽ പ്രസംഗിക്കുമ്പോൾ ഉസ്താദ് എല്ലാം ശ്രദ്ധിച്ച് കേൾക്കും. ഉസ്താദ്



പറയുമായിരുന്നു : "നമുക്ക് തിരിയാത്തത് എന്തെങ്കിലും അവർക്ക് തിരിഞ്ഞിട്ടുണ്ടെങ്കിൽ നമുക്കും കിട്ടുമല്ലോ.'

ചെറുപ്പത്തിലേ അനാഥനായതിനാൽ ഏറെ സ്നേഹലാളനയോടെയാണ് ഉമ്മയും മറ്റു ബന്ധുക്കളും ബാവയെന്ന ഓമനപ്പേരിട്ട് സൈതാലിക്കുട്ടിയെ വളർത്തിയത്. പിന്നീ

**കൃഷിയും കന്നുപൂട്ടലും കാളവണ്ടിയുമൊക്കെയായി ജീവിതം തുടങ്ങിയ ആ സന്ദർഭങ്ങളിലൊക്കെ ഓരോരോ ആത്മീയ പുരുഷന്മാർ ഉസ്താദിനെ മുന്നോട്ട് നയിക്കാൻ വന്നു. ദർസും കൃഷിയും ഒരുമിച്ചു കൊണ്ടുപോകാനാകാതെ തൽക്കാലത്തേക്ക് ദർസിൽ നിന്ന് മാറിനിന്ന ഉസ്താദിനെ തിരിച്ചുകൊണ്ടുവന്നത് കുണ്ടൂർ ഉസ്താദാണ്. സഹപാഠിയായിരുന്നു കുണ്ടൂർ ഉസ്താദ്. പിന്നീട് അധ്യാപനരംഗത്തായപ്പോൾ വീണ്ടും വീട്ടിലെ സാഹചര്യങ്ങൾ വഴിമാറ്റി. അന്ന് ഇടപെട്ടത് സൂഫിവര്യനായ ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാരായിരുന്നു.**

ട് വളർന്ന് വലിയ ആളായപ്പോഴും ആ ലാളനപ്പേര് അങ്ങനെത്തന്നെ നിന്നു.

ദർസിൽപോയി തുടങ്ങുന്നതിനുമുമ്പ് മുതഫരിദുൾപ്പെടെയുള്ള ചെറിയ കിതാബുകൾ ഉമ്മയിൽ നിന്നാണ് പഠിച്ചത്. ഒരു പണ്ഡിത കുടുംബത്തിൽ ജനിക്കാതിരുന്നിട്ടും ഒരു കുടുംബിനിയുടെ അറിവിന്റെ ആഴം നമുക്കൊക്കെ അത്ഭുതമായിരിക്കും. ആ മാതൃക പിന്തുടരാൻ നമുക്കിടയിൽ നിന്ന് ആരെങ്കിലുമുണ്ടാവുമോ?

ഒരു സമ്പന്ന കർഷക കുടുംബത്തിൽ നിന്നാണ് ത്യാഗപൂർണമായ വിജ്ഞാന വഴിയിലേക്ക് ഉസ്താദ് കടന്നുവരുന്നത്. കൃഷിയും കന്നുപൂട്ടലും കാളവണ്ടിയുമൊക്കെയായി ജീവിതം തുടങ്ങിയ ബാവ ഉസ്താദ് ജീവിതസാഹചര്യങ്ങളും മത പഠന പ്രവർത്തനങ്ങളും തമ്മിലെ സംഘർഷങ്ങളുടെ മുഖം ഒരുപാട് കണ്ടു. ആ സന്ദർഭങ്ങളിലൊക്കെ ഓരോ ആത്മീയ പുരുഷന്മാർ ഉസ്താദിനെ മുന്നോട്ട് നയിക്കാൻ വന്നു. ദർസും കൃഷിയും ഒരുമിച്ചു കൊണ്ടുപോകാനാകാതെ തൽക്കാലത്തേക്ക് ദർസിൽ നിന്ന് മാറിനിന്ന ഉസ്താദിനെ തിരിച്ചുകൊണ്ടുവന്നത് കുണ്ടൂർ ഉസ്താദാണ്. സഹപാഠിയായിരുന്നു കുണ്ടൂർ ഉസ്താദ്. പിന്നീട് അധ്യാപനരംഗത്തായപ്പോൾ വീണ്ടും വീട്ടിലെ സാഹചര്യങ്ങൾ വഴിമാറ്റി. അന്ന് ഇടപെട്ടത് സൂഫിവര്യനായ ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാരായിരുന്നു. കുണ്ടൂർ ഉസ്താദ് നെൽവയലിൽ നിന്നാണ് വിളിച്ചു കൊണ്ടുവന്നത്. എന്നാൽ ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാർ വിളിച്ചുകൊണ്ടുവന്നത് വെറ്റില തോട്ടത്തിൽ നിന്നാണ്. ദീർഘ കാലത്തെ അധ്യാപനം. നിരവധി ശിഷ്യന്മാർ. അതിനിടയിൽ പള്ളി ദർസിൽ നിന്ന് ശരീഅത്ത് കോളജിലേക്ക് ഉസ്താദിനെ വിളിച്ചു കൊണ്ടുവന്നത് ഉസ്താദുൽ അസാതീദ് ഒ കെ സൈനുദ്ദീൻ കുട്ടി മുസ്‌ലിയാർ. ശോകഗീതങ്ങളിലൂടെ കാവ്യ പ്രപഞ്ചത്തിന്റെ വാതിൽ തുറന്നുകൊടുത്തതാകട്ടെ തിരൂരങ്ങാടി ബാപ്പു മുസ്‌ലിയാരും.

കഴിഞ്ഞ കാല പ്രതിഭകളുടെ രചനകൾക്കൊപ്പം വെക്കാവുന്ന തരത്തിലുള്ളവയാണ് ഉസ്താദിന്റേതും. അവരുടെ ഗഹനമായ രചനകൾ പുതിയ കാലത്തെ വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാൻ പാകത്തിൽ ലളിതമാക്കുകയായിരുന്നു ഉസ്താദ്.

കാലംകൊണ്ട് ഏറെ അകന്ന രണ്ടു തലമുറകളെ ഒരു പോലെ മനസ്സിലാക്കി അതു പുതിയവർക്ക് പകരാൻ ചില്ലറ മനക്കരുത്ത് പോരാ ഒരു പ്രതിഭക്ക്. മലപ്പുറം ജില്ലയിലെ ഒരു ഗ്രാമത്തിലിരുന്ന് ആധുനിക സാങ്കേതിക വിദ്യകളുടെ യാതൊരു സഹായവും കൂടാതെയാണ് ഉസ്താദ് ലോകമെങ്ങുമുള്ള തന്റെ വായനക്കാരെ അഭിമുഖീകരിച്ചത്.

വിവിധ വൈജ്ഞാനിക ശാഖകളിലുള്ള 65 കൃതികളിൽ അഞ്ചെണ്ണം മാത്രമേ മലയാളഭാഷയിലുള്ളൂ. ബാക്കിമുഴുവൻ അറബി ഭാഷയിലാണ്. ഇവയിൽ പലതും ഇന്ത്യക്ക് പുറത്ത് നിന്ന് പ്രകാശിതമായതും. അർദ്ധ പ്രകാശിതവും വെളിച്ചം കാണാത്തതുമായ പത്തോളം കൃതികൾ ഇനിയുമുണ്ട്.

ഉസ്താദിന്റെ ഗ്രന്ഥങ്ങളുടെ പേരറിയാമെങ്കിൽ അത് ഏത് വർഷമാണ് രചിച്ചതെന്നറിയാൻ അബ്ജദ് സംഖ്യാശാസ്ത്രപ്രകാരം കൂട്ടി നോക്കിയാൽ മതി. അഹ്മദ്കോശാലിയാത്തിയും അഹ്മദ് റസാഖാൻ ബറേൽവി(റ)യും അനുവർത്തിച്ച രീതിയുടെ പിന്തുടർച്ചയാണത്.

ബാവ ഉസ്താദിന്റെ ഗ്രന്ഥങ്ങൾ, ജീവിതം, അധ്യാപനം ഇവയിലൊക്കെ ഗവേഷണ പഠനങ്ങളും ചർച്ചകളും നടത്തേണ്ടതുണ്ട്. അറബി കൃതികളുടെ മികച്ച ഭാഷാന്തരവും വരണം. എന്നാലേ ആ ജ്ഞാനധന്യൻ ത്യാഗം ചെയ്ത കാലത്തിന്ന് മുന്നോട്ട് ഒഴുകാനാവൂ.

ഉസ്താദിന്റെ ദേഹവിയോഗത്തിന് ഒരാണ്ട് തികഞ്ഞു. 2015 ജൂലൈ 10, 1436 റമളാൻ 23നാണ് ആ മഹാപണ്ഡിതൻ വിടവാങ്ങിയത്. അറിവിന്റെ നിറകുംഭങ്ങളായ ഗ്രന്ഥങ്ങളും ഒട്ടനവധി ശിഷ്യഗണങ്ങളെയും തന്നാണ് ഉസ്താദ് പോയത്. എന്നിട്ടും ഒരു വിളക്കുമാടത്തിന്റെ ശൂന്യത നാമനുഭവിക്കുന്നു. അതില്ലാതാകണമെങ്കിൽ ഉസ്താദിന്റെ ജ്ഞാന സംഭാവനകളെ വരും കാലത്തിന്ന് കൈമാറാൻ നാം അർത്ഥവത്തായ വഴികൾ തേടേണ്ടതുണ്ട്. അല്ലാഹുവിന്റെ അപാരമായ കാരുണ്യം കൊണ്ട് നരകമോചിതരിലുൾപ്പെടുത്തി ഉസ്താദിനെയും നമ്മെയും അല്ലാഹു അവന്റെ അനശ്വര പറുദീസയിൽ പ്രവേശിപ്പിക്കട്ടെ. ●